**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1357 — 30.09.2011-ൽ മറുപടിയ്ക്ക്

## പച്ചക്കറി വിത്ത് വിതരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജെയിംസ് മാത്യു : | ശ്രീ. കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) സർക്കാരിന്റെ നൂറുദിന പരിപാടിയുടെ ഭാഗമായി പച്ചക്കറി വിത്തുകൾ വീടുകളിൽ വിതരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടി വിശദീകരിക്കുമോ; | (എ) കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റി സംഭരിച്ച പച്ചക്കറി വിത്തുകൾ ഉപയോഗിച്ചു 25 ലക്ഷം വിത്തു കിറ്റുകൾ തയ്യാറാക്കി 14 ജില്ലകളിലേയും കൃഷി ഭവനുകൾ മുഖേന കർഷകർക്ക് വിതരണം ചെയ്യുകയുണ്ടായി. |
| (ബി) പ്രസ്തുത പദ്ധതി പുതുതായി ആവിഷ്ക്കരിച്ചതാണോ ; എത്ര വീടുകളിൽ പച്ചക്കറി വിത്തുകൾ വിതരണം ചെയ്തിട്ടുണ്ട്; ജില്ലാടിസ്ഥാനത്തിൽ കണക്ക് ലഭ്യമാക്കാമോ; | (ബി) പുതുതായി ആവിഷ് കരിച്ച ഈ പദ്ധതി പ്രകാരം 22.30 ലക്ഷം വീടുകളിൽ പച്ചക്കറി വിത്തുകൾ വിതരണം ചെയ്തിട്ടുണ്ട്. ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് അനുബന്ധമായി ചേർത്തിരി ക്കുന്നു. |
| (സി) ഇങ്ങനെ വിതരണം ചെയ്യുന്ന വിത്തുകൾ ഉപയോഗപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പു വരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി)&(ഡി) സൂചിത പദ്ധതി പ്രകാരം വിതരണം ചെയ്യുന്ന വിത്തുകൾ ഉപയോഗിക്കപ്പെടുന്നുവെന്നുറപ്പു വരുത്താൻ കൃഷി ഭവൻ - ബ്ലോക്ക് - ജില്ല- ഡയറക്ടറേറ്റ് തലത്തിലുള്ള ഉദ്യോഗസ്ഥർ ഫീൽഡ് വെരിഫിക്കേഷൻ നടത്തുവാൻ |
| (ഡി) ഈ പദ്ധതിയുടെ തുടർ മോണിറ്ററിങ്ങിനും വ്യാപനത്തിനും എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്? | |

--- 2

നിർദ്ദേശം നൽകിയിട്ടുണ്ട്. പരിശോധനാ റിപ്പോർട്ട് (ചിത്രങ്ങളടങ്ങിയ) കൃഷി ഡയറക്ടർക്ക് സമർപ്പിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

Sherly P

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നമ്പർ | ജില്ല | വിതരണം ചെയ്ത കിറ്റുകളുടെ എണ്ണം (ലക്ഷം) |
|---|---|---|
| 1. | തിരുവനന്തപുരം | 2.5 |
| 2. | കൊല്ലം | 1.5 |
| 3. | പത്തനംതിട്ട | 1.0 |
| 4. | ആലപ്പുഴ | 1.5 |
| 5. | കോട്ടയം | 1.0 |
| 6. | ഇടുക്കി | 1.0 |
| 7. | എറണാകുളം | 1.0 |
| 8. | തൃശ്ശൂർ | 2.2 |
| 9. | പാലക്കാട് | 2.3 |
| 10. | മലപ്പുറം | 1.5 |
| 11. | കോഴിക്കോട് | 1.8 |
| 12. | വയനാട് | 1.0 |
| 13. | കണ്ണൂർ | 2.0 |
| 14. | കാസർഗോഡ് | 1.0 |
| 15. | സീഡ് അതോറിറ്റി | 1.0 |
| ആകെ | | 22.30 |

Sherly P
S.O